**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1771 — 07.03.2018 ൽ മറുപടിക്ക്

## തൃക്കരിപ്പൂർ, നീലേശ്വരം താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തൃക്കരിപ്പൂർ, നീലേശ്വരം താലൂക്ക് ആശുപത്രികളിൽ പ്രഖ്യാപിച്ച ഡയാലിസിസ് യൂണിറ്റുകൾ നാളിതുവരെ പ്രവർത്തന സജ്ജമാക്കാൻ കഴിയാതെ വന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ ഡയാലിസിസ് യൂണിറ്റുകൾ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ അനുവദിച്ച ഡയാലിസിസ് കേന്ദ്രത്തിന്റെ മരാമത്ത് പണികൾ കേരള ഹെൽത്ത് റിസർച്ച് വെൽഫയർ സൊസൈറ്റി മുഖാന്തിരം പൂർത്തിയാക്കി വരുന്നു. 2018 ജൂൺ മാസത്തോടെ ഡയാലിസിസ് കേന്ദ്രം പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>നീലേശ്വരം താലൂക്ക് ആശുപത്രിയിൽ അനുവദിച്ച കിഫ്ബി ഡയാലിസിസ് കേന്ദ്രം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനത്തിന്റെ കെട്ടിടം പണി പൂർത്തിയായിട്ടില്ല. കെട്ടിടം കോർപ്പറേഷന് കൈമാറി കഴിഞ്ഞാൽ ആറ് മാസത്തിനകം മരാമത്ത് പണി പൂർത്തിയാക്കി ഡയാലിസിസ് കേന്ദ്രം ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ